# ഖബ്ബാബുബ്നുൽ അറത്ത് (رضي الله عنه)

**തയ്യാറാക്കിയത്:**

അബ്ദുൽഖാദിർ പുല്ലങ്കോട്



നിപുണനായ കൊല്ലപ്പണിക്കാരനായിരുന്നു ഉമ്മുഅൻമാറിന്റെ അടിമയായിരുന്ന ഖബ്ബാബുബ്നുൽ അറത്ത് (ﷺ). മക്കയിലെ കച്ചവടക്കാർക്കും യോദ്ധാക്കൾക്കും വാൾ നിർമ്മിച്ചുകൊടുക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന തൊഴിൽ.

ഒരു ദിവസം ഒരു ഖുറൈശി സംഘം ഖബ്ബാബി(ﷺ)നെ അന്വേഷിച്ചുചെന്നു. പതിവിന് വിപരീതമായി അദ്ദേഹം അവിടെയുണ്ടായിരുന്നില്ല. അവർ അൽപനേരം കാത്തിരുന്നു. അധികം താമസിയാതെ ഖബ്ബാബ് വന്നു. ആഗതനെ അഭിവാദ്യംചെയ്തു. അദ്ദേഹം അവരുമായി ജോലിസ്ഥലത്ത് കടന്നിരുന്നു.

“ഖബ്ബാബ്, ഞങ്ങൾ ഏൽപ്പിച്ച വാളിന്റെ പണി തീർന്നിട്ടുണ്ടോ?”

ആഗതരിൽ ഒരാൾ ചോദിച്ചു.

ഖബ്ബാബ്(ﷺ) അദ്ദേഹത്തിന്റെ ചോദ്യം കേൾക്കാത്തമട്ടിൽ പറഞ്ഞു: “ആ മനുഷ്യന്റെ കാര്യം അത്ഭുതം തന്നെ”

ആഗതൻ: ഹേ മനുഷ്യാ! എന്തുകാര്യമാണ് താങ്കൾ പറയുന്നത്. ഞാൻ ചോദിച്ചത് കേട്ടില്ലേ? ഞങ്ങൾ ഏൽപ്പിച്ച വാൾ എവിടെ. അത് പണി തീർന്നിട്ടുണ്ടോ?

ഖബ്ബാബ് നിസ്സംഗഭാവത്തിൽ, തല ഉയർത്തി ആഗതരെനോക്കിക്കൊണ്ടു ചോദിച്ചു:

“അല്ലാ, നിങ്ങൾ അദ്ദേഹത്തെ കാണാറില്ലേ? അദ്ദേഹത്തിന്റെ വചനങ്ങൾ ശ്രദ്ധിക്കാറില്ലേ?”

ആഗതർ അത്ഭുതത്തോടെ പരസ്പരം നോക്കി.

ഒരാൾ പരിഹാസഭാവത്തിൽ ഖബ്ബാബിനോടു ചോദിച്ചു:

“നീ അദ്ദേഹത്തെ കാണാറുണ്ടോ?”

ഖബ്ബാബ്: ആരെയാണ് നിങ്ങളുദ്ദേശിക്കുന്നത്?

ആഗതൻ: നീ പറയുന്ന ആളെ തന്നെ.

ഖബ്ബാബ്: അതേ, ഞാൻ അദ്ദേഹത്തെ കാണാറുണ്ട്, അദ്ദേഹത്തിന്റെ വചനങ്ങൾ ശ്രദ്ധിക്കാറുണ്ട്. ആ വായിലൂടെ സത്യം ഒഴുകിവരുന്നു. അത് ദൈവ വചനങ്ങൾ തന്നെയാണ്.

ആഗതർക്ക് കാര്യം മനസ്സിലായി, കോപാന്ധിയായിക്കൊണ്ട് ഒരാൾ അട്ടഹസിച്ചു:

“ആരെ കുറിച്ചാണെടോ നീ പറയുന്നത്?”

ഒരു പരിശുദ്ധാത്മാവിന്റെ ഗാംഭീര്യത്തോടെ ഖബ്ബാബ് ശാന്തനായി പറഞ്ഞു: “ആരെ കുറിച്ചെന്നോ? ആ മഹാനായ മനുഷ്യനെ കുറിച്ചല്ലാതെ വേറെ ആരെ കുറിച്ച് പറയാനാണ്?

അവിടെനിന്നു സത്യം നിർഗ്ഗളിക്കുന്നു. പ്രകാശം ജ്വലിക്കുന്നു.

അതേ, അദ്ദേഹം ദൈവത്തിന്റെ പ്രവാചകനാണ്. അദ്ദേഹം നമ്മെ അന്ധകാര ത്തിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നു.

പിന്നീട് അവിടെ എന്തെല്ലാം സംഭവിച്ചു എന്ന് ഖബ്ബാബിന് അറിഞ്ഞുകൂടാ.

ബോധം തിരിച്ചുകിട്ടിയപ്പോൾ ആഗതർ സ്ഥലം വിട്ടിരുന്നു. ശരീരവും വസ്ത്ര ങ്ങളും രക്തത്തിൽ കുളിച്ചിരുന്നു. ദേഹമാസകലം ചതഞ്ഞരഞ്ഞ വേദന തോന്നു ന്നുണ്ടായിരുന്നു. ഖബ്ബാബ് ഒരുവിധം വെച്ചുവെച്ചു തന്റെ വീട്ടിനുള്ളിൽ കേറി. മുറിവുകളിൽ നിന്ന് രക്തം തുടച്ചു ശീലവെച്ചുകെട്ടി. അന്നുമുതൽ അദ്ദേഹം മർദ്ദി തരും പീഡിതരുമായ സഹാബിമാരുടെ മുമ്പന്തിയിൽ നിലയുറപ്പിച്ചു. ബഹുദൈ വാരാധനയുടെയും സ്വേഛാധിപത്യത്തിന്റെയും മരണമണിമുഴക്കിക്കൊണ്ടിരുന്നു. അതിനുവേണ്ടി ഒരു മനുഷ്യന് സഹിക്കാവുന്നതിലുപരി മർദ്ദനങ്ങൾ അദ്ദേഹം സഹിക്കുകയും ചെയ്തു.

ശഅബീ പറയുന്നു: ഖബ്ബാബ് (ﷺ) വളരെയധികം സഹിച്ചു. ശത്രുക്കളിൽ നിന്ന് അദ്ദേഹത്തിന് ഒട്ടും ദയ ലഭിച്ചില്ല. അവർ അദ്ദേഹത്തിന്റെ നഗ്നമായ പുറത്ത് ചുട്ടു പഴുത്ത കല്ലുകൾ കയറ്റിവെച്ചു. അദ്ദേഹത്തിന്റെ മാംസം കരിഞ്ഞുപോയിരുന്നു.

കബ്ബാബ് സഹിച്ച യാതനകൾ ഭയാനകമായിരുന്നു. പക്ഷേ അതിനെ കവച്ചുവെ ക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ സഹന ശക്തി.

വാളുണ്ടാക്കാൻ തന്റെ വീട്ടിലൊരുക്കിവെച്ച ഇരുമ്പ് സാധനങ്ങൾപോലും അവർ ഖബ്ബാബിനെതിരെ ആയുധമായി പ്രയോഗിച്ചു. അവ ചുട്ടുപഴുപ്പിച്ചു അദ്ദേഹ ത്തിന്റെ കൈകളും പാദങ്ങളും പൊള്ളിച്ചു.

മുസ്‌ലിമായതുകൊണ്ട് ത്യാഗവും യാതനയും അനുഭവിക്കുന്ന തന്റെ നിസ്സഹാ യരും ദുർബ്ബലരുമായ സഹോദരൻമാരുമൊത്ത് അദ്ദേഹം ഒരിക്കൽ നബി(ﷺ)യെ സമീപിച്ചു ഇങ്ങനെ സങ്കടപ്പെടുകയുണ്ടായി:

“നബിയെ, അവിടുന്ന് ഞങ്ങളുടെ സഹായത്തിനുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും, എത്രമാത്രം കഷ്ടപ്പാടുകളാണ് ഞങ്ങൾ അനുഭവിക്കുന്നത്.”

നബി (ﷺ) അന്നേരം ഒരു പുതപ്പ് പുതച്ചു കഅബയുടെ തണലിൽ ഇരിക്കുകയായിരുന്നു. ഇത് കേട്ടപ്പോൾ അവിടുത്തെ വദനം ചുവന്നുപോയി. നബി(ﷺ) ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ മുൻഗാമികൾ സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിനു വേണ്ടി സഹിച്ച ത്യാഗങ്ങൾ എത്രമാത്രമായിരുന്നെന്ന് അറിയാമോ?

ഭൂമിയിൽ ഒരു കുഴിയുണ്ടാക്കി വിശ്വാസിയെ പിടിച്ച് അതിൽ കിടത്തി ഈർച്ചവാള് തലയിൽവെച്ചു ദേഹം രണ്ടാക്കി പിളർത്തും. എന്നിട്ടും അവർ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചില്ല. ഇരുമ്പിന്റെ ചീർപ്പുകൊണ്ട് മാംസം എല്ലിൽ നിന്ന് ചീകി വേർപ്പെടുത്തിയിട്ടും അവർ പതറിയില്ല.

"സൻആയിൽ നിന്ന്, ഹളറുമൗത്തിലേക്ക് പോകുന്ന ഒരു യാത്രക്കാരന് അല്ലാഹുവിനെയും അവന്റെ ആടുകൾക്ക് ചെന്നായയെയുമല്ലാതെ ഒന്നും ഭയപ്പെടാനില്ലാതാകുമാറ് അല്ലാഹു ഈ മതത്തെ പരിപൂർണ്ണ വിജയത്തിലെത്തിക്കും. പക്ഷേ നിങ്ങൾ ധൃതിപ്പെടാനായിട്ടില്ല."

ഖബ്ബാബി(ﷺ)ന്നും കൂട്ടുകാർക്കും ഇത് കേട്ടപ്പോൾ മനക്കരുത്തും ദാർഢ്യവും വർദ്ധിക്കുകയാണുണ്ടായത്.

അല്ലാഹുവിന്നും റസൂലിന്നും ഞങ്ങളോട് കൂടുതൽ സന്തുഷ്ടിയുണ്ടാക്കുമാറ്, പരീക്ഷണഘട്ടത്തിൽ തീക്ഷ്ണമായ ത്യാഗത്തിന്റെയും ക്ഷമയുടെയും മാതൃക രചിക്കണമെന്ന് അവർ പ്രതിജ്ഞയെടുത്തു.

ഖബ്ബാബ്(ﷺ) ദൈവപ്രീതിക്കുവേണ്ടി ക്ഷമയോടും ദൃഢതയോടും കൂടി കൂടുതൽ ഭീകരമായ അക്രമങ്ങൾക്ക് വിധേയനായി.

ഖുറൈശികൾ ഉമ്മുഅൻമാറിനെ സമീപിച്ചു തന്റെ അടിമയായ ഖബ്ബാബിനെ ഇസ്‌ലാമിൽ നിന്ന് പിന്തിരിപ്പിക്കാൻ ആവശ്യപ്പെട്ടു. അന്നുമുതൽ ആ സ്ത്രീ ഖബ്ബാബിനെ നിർദ്ദയം മർദ്ദിക്കാൻ തുടങ്ങി.

ക്രൂരയായ അവർ കമ്പി പഴുപ്പിച്ച് ഖബ്ബാബി(ﷺ)ന്റെ നെറുകയിൽ വെച്ചു. അദ്ദേഹം വേദന കടിച്ചിറക്കി. ശത്രുവിന്റെ മുമ്പിൽ അസ്വസ്ഥത പോലും പ്രകടിപ്പിച്ചില്ല. ഖബ്ബാബിനെ സത്യവശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കുക മാത്രമായിരുന്നു അവരുടെ ഉദ്ദേശ്യം.

വേദനാജനകമായ ആ കാഴ്ച ഒരിക്കൽ നബി(ﷺ) നേരിൽകാണുകയുണ്ടായി. തനിക്ക് എന്ത് ചെയ്യാൻ കഴിയും? ദുഃഖം കൊണ്ട് ആ ഹൃദയം അണപൊട്ടി. കപോലങ്ങളിലൂടെ കണ്ണുനീർ ഉതിർന്നുവീണു. നബി (ﷺ) ഇരുകരങ്ങളുമായർത്തി തേങ്ങിക്കൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിച്ചു:

"നാഥാ, നീ ഖബ്ബാബിനെ സഹായിക്കേണമേ." നബി (ﷺ) യുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. ദിവസങ്ങൾ കഴിഞ്ഞില്ല. ഉമ്മുഅൻമാറിന്ന് മാരകമായ ഒരു

അപൂർവ്വരോഗം പിടിപ്പെട്ടു. പേ ഇളകിയ പട്ടിയെപോലെ അവൾ പൊറുതിമുട്ടി ഓടിക്കൊണ്ടിരുന്നു. വൈദ്യന്മാർ ആ രോഗത്തിന് നിർദ്ദേശിച്ച ചികിത്സ അത്ഭുത കരവും ഭയാനകവുമായിരുന്നു. രാവിലെയും വൈകുന്നേരവും ഇടവിടാതെ കമ്പി പഴുപ്പിച്ചു തലക്ക് ചൂടുവെക്കാനായിരുന്നു അവർ നിർദ്ദേശിച്ചത്. ഖബ്ബാബിനോട് ആ സ്ത്രീ ചെയ്ത ക്രൂരതക്ക് അങ്ങനെ അല്ലാഹു ശിക്ഷ നൽകി.

ഖുറൈശികൾ സത്യവിശ്വാസത്തെ അക്രമം കൊണ്ടു എതിരിടാൻ തുടങ്ങിയ പ്പോൾ, മുസ്‌ലിംകൾ സഹനംകൊണ്ട് അക്രമത്തെ ചെറുത്തുനിന്നു. കൂടുതൽ അക്രമത്തിന് വിധേയരായത് ഖബ്ബാബിനെ പോലുള്ള ദുർബ്ബല വിഭാഗക്കാരായിരു ന്നു.

യാതനയുടെ നെരിപ്പോടിൽ നീറിനീറി എരിയുമ്പോഴും ഖബ്ബാബി(ﷺ)ന്റെ സേവന പരിധി വിശാലമായിരുന്നു. ഖുറൈശികളെ ഭയന്ന് വിശ്വാസം രഹസ്യമായി സൂക്ഷിച്ച മുസ്‌ലിംകളുടെ ഗൃഹങ്ങളിൽ അദ്ദേഹം കൂടെക്കൂടെ കയറിയിറങ്ങി. അവർക്ക് ഖുർആൻ സൂക്തങ്ങൾ ഓതി പഠിപ്പിച്ചും അവരെ ഉപദേശിച്ചും കൊണ്ടി രുന്നു.

സഹോദരി ഫാത്തിമയും അവളുടെ ഭർത്താവ് സഈദും പുതിയ മതം ആശ്ലേ ഷിച്ച വിവരമറിഞ്ഞ ഉമർ (ﷺ) കോപാന്ധനായി അവരുടെ വീട്ടിൽ പ്രവേശിച്ച പ്പോൾ, ഫാത്തിമക്കും സഈദിന്നും ഖുർആൻ പഠിപ്പിച്ചുകൊണ്ടു ഖബ്ബാബ് (ﷺ) ആ വീട്ടിലുണ്ടായിരുന്നു.

ഖുർആന്റെ വശ്യശക്തിയിൽ ആകൃഷ്ടനായ ഉമറി(ﷺ)ന്ന് അർഖമിന്റെ വീട്ടിലേക്ക് വഴികാണിച്ചത് ഖബ്ബാബായിരുന്നു.

ഉമറിന്റെയും ഉസ്മാന്റെ(ﷺ)യും ഭരണകാലത്ത് ഇസ്‌ലാമിക ലോകം സാമ്പത്തിക മായി വലിയ പുരോഗതി കൈവരിച്ചു.

ഇസ്‌ലാമിന്റെ ആദ്യകാലസേവകനായ മുഹാജിർ എന്ന നിലക്ക് അദ്ദേഹത്തിന് ഒരു വലിയ സംഖ്യ ബൈത്തുൽമാലിൽ നിന്ന് ലഭിച്ചികൊണ്ടിരുന്നു. അക്കാലത്ത് അദ്ദേഹം കൂഫയിൽ ഒരു ചെറിയ വീട് പണിതു. അവിടെ താമസമാക്കി. തനിക്ക് കിട്ടുന്ന തുക അദ്ദേഹം വീട്ടിൽ ഒരു നിശ്ചിതസ്ഥലത്ത് തുറന്നുവെക്കുമായിരുന്നു. തന്റെ സ്നേഹിതന്മാരും സുഹൃത്തുക്കളും ആവശ്യാനുസരണം അതിൽനിന്ന് എടുത്തു ഉപയോഗിച്ചിരുന്നു.

നബി(ﷺ)യെയും ഇസ്‌ലാമിന്ന് വേണ്ടി ജീവത്യാഗം ചെയ്ത തന്റെ സ്നേഹിതന്മാ രെയും ഓർത്ത് അദ്ദേഹം എപ്പോഴും കണ്ണുനീർ വാർക്കുമായിരുന്നു.
“ഞങ്ങളിന്നനുഭവിക്കുന്ന സുഖസൗഭാകര്യങ്ങൾ ഒന്നും കാണാൻ കഴിയാതെ യാതന മാത്രം സഹിച്ചു മൺമറഞ്ഞവരാണല്ലോ അവര്” എന്നദ്ദേഹം സങ്കടപ്പെടു മായിരുന്നു.

മരണശയ്യയിലായിരുന്ന ഖബ്ബാബിനെ സന്ദർശിച്ച സ്നേഹിതന്മാർ അദ്ദേഹത്തോട് പറഞ്ഞു:

“ഖബ്ബാബ്, സന്തുഷ്ടനാവുക, അങ്ങയുടെ സ്നേഹിതന്മാരെ കണ്ടുമുട്ടുന്ന സുദിനം സമാഗതമായിരിക്കുന്നു.”

ഖബ്ബാബ് (ﷺ) പറഞ്ഞു:

“എനിക്കൊട്ടും വിഷാദമില്ല, പക്ഷേ നിങ്ങൾ ഓർമ്മിപ്പിക്കുന്ന ആ സ്നേഹിത ന്മാർ......... അവരുടെ പ്രതിഫലം മുഴുവനും പരലോകത്തിനുവേണ്ടി മാറ്റിവെച്ചവ രാണവർ. ഈ ലോകത്ത് അവർക്ക് ഒന്നും നേടാൻ കഴിഞ്ഞിട്ടില്ല. നാം എത്ര അനുഗൃഹീതരായാണ് ഇന്ന് ജീവിക്കുന്നത്.”

പിന്നീട് അദ്ദേഹം തന്റെ മുറിയിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു:

“എന്റെ പക്കലുള്ളത് മുഴുവനുമതാ കിടക്കുന്നു. ഞാൻ ആർക്കും അത് തടഞ്ഞിട്ടി ല്ല. ഒരു നൂലുകൊണ്ടുപോലും അത് കെട്ടിമുറുക്കിയിട്ടുമില്ല.”

തനിക്ക് വേണ്ടി തയ്യാറാക്കിവെച്ചിരുന്ന കഫൻ തുണി നോക്കി അദ്ദേഹം പറഞ്ഞു:

“നോക്കൂ, ഇത് എന്റെ കഫൻ തുണിയാണ്”

നബി (ﷺ)യുടെ പിതൃവ്യൻ ഹംസ മരണമടഞ്ഞ നേരത്തു അദ്ദേഹത്തെ പൊതി യാൻ മതിയായ വസ്ത്രം ഞങ്ങളുടെ പക്കലുണ്ടായിരുന്നില്ല. ‘ഒരു ചെറിയ പുതപ്പ് മാത്രമാണ് കിട്ടിയത്. തല മറച്ചാൽ കാലും കാല് മറച്ചാൽ തലയും പുറത്താകുമാ യിരുന്നു!”

ഹിജ്റ 37-ാം വർഷത്തിലാണ് ഖബ്ബാബ് (ﷺ) നിര്യാതനായത്.

സ്വിഫ്ഫീൻ യുദ്ധം കഴിഞ്ഞു മടങ്ങിവരികയായിരുന്ന അലി (ﷺ) ഖബ്ബാബി (ﷺ)ന്റെ ഖബർ കണ്ടു. അദ്ദേഹം പറഞ്ഞു:

“ഖബ്ബാബിന്ന് അല്ലാഹു കരുണചെയ്യട്ടെ, അത്യാർത്തിയോടെ അദ്ദേഹം ഇസ്ലാമാ യി. അനുസരണത്തോടു കൂടി ഹിജ്റപോയി. മജാഹിദായി ജീവിക്കുകയും ചെയ്തു.”